(എഫ്) വ്യവസായ സ്ഥാപനങ്ങളുടെ ഭരണത്തിൽ മാനേജ്മെന്റും തൊഴിലാളി സംഘടനകളുമായി നല്ല ബന്ധം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങളിലെ ട്രേഡ് യൂണിയനുകൾക്ക് അംഗീകാരം നല്കുന്നതിലേയ്ക്കായി പൊതുവായി അംഗീകരിക്കപ്പെട്ട ലിഖിത മാനദണ്ഡങ്ങൾ നിലവിലില്ല.

(ബി) എല്ലാ വ്യവസായ സ്ഥാപനങ്ങളിലും 'റഫണ്ടം' നടത്താൻ നിലവിലുള്ള നിയമങ്ങളിൽ വ്യവസ്ഥ ഇല്ല. ഇതു സംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ഡ്രാഫ്റ്റ് ബിൽ സർക്കാരിന്റെ പരിഗണനയിൽ ഉണ്ട്.

(സി) ട്രേഡ് യൂണിയനുകളുടെ റഫറണ്ടത്തിന് അംഗീകാരം ലഭിക്കുന്നതിനു വേണ്ട വോട്ടിന്റെ ശതമാനം അതാതു സ്ഥാപനങ്ങളിലുണ്ടാക്കുന്ന കരാറു മുഖേനയാണ് നിശ്ചയിക്കുന്നത്.

(ഡി) റഫറണ്ടം നടത്താത്ത വ്യവസായ സ്ഥാപനങ്ങളുടെ ഉടമകളുടെ പേരിൽ നടപടി സ്വീകരിക്കുവാൻ 1947-ലെ തൊഴിൽ തർക്ക നിയമത്തിലോ 1926-ലെ ട്രേഡ് യൂണിയൻ നിയമത്തിലോ വ്യവസ്ഥകൾ ഒന്നും ഇല്ല.

(ഇ) ഉണ്ട്.

(എഫ്) ഉണ്ട്.

വൈദ്യുതി മേഖല സ്വകാര്യവൽക്കരിക്കുന്നതിനായി വൈദ്യുതി ബിൽ-2000

24 (*504) ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. എം. ദാസൻ :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡ്യയിലാകെ വൈദ്യുതി മേഖല സ്വകാര്യവൽക്കരിക്കുന്നതിനായി വൈദ്യുതി ബിൽ-2000എന്ന പേരിൽ കേന്ദ്ര സർക്കാർ എന്തെങ്കിലും പദ്ധതിആവിഷ്ക്കരിച്ചിട്ടുള്ളതായി അറിയാമോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) സംസ്ഥാന വൈദ്യുതി മന്ത്രിമാരുടെ യോഗത്തിൽ പ്രസ്തുത ബില്ലിന്റെ കരട് സംബന്ധിച്ച് ചർച്ച ചെയ്തിരുന്നുവോ ;

(സി) കേരള സംസ്ഥാന വൈദ്യുതി മന്ത്രി പ്രസ്തുത യോഗത്തിൽ സംബന്ധിച്ചിരുന്നുവോ ; എങ്കിൽ ഇക്കാര്യത്തെ സംബന്ധിച്ച് കേരള സർക്കാരിന്റെ നിലപാട് വിശദമാക്കിയിരുന്നുവോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഊർജ്ജ ആഡിറ്റിംഗ് നടപ്പാക്കൽ, വൈദ്യുതി മോഷണം തടയൽ എന്നിവയുടെ ഉത്തരവാദിത്വം സ്വകാര്യ മേഖലയെ ഏല്പിക്കണമെന്ന കേന്ദ്ര സർക്കാരിന്റെ അഭിപ്രായം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം വിശദമാക്കാമോ ;

(എഫ്) വൈദ്യുതി ബോർഡിനെ പൊതുമേഖലയിൽ നിലനിർത്തിക്കൊണ്ടു തന്നെ ഉല്പാദന പ്രസരണ മേഖലയിൽ പുരോഗതി കൈവരിക്കാൻ കഴിയുമെന്ന് സർക്കാരിന് അഭിപ്രായമുണ്ടോ ;

(ജി) എങ്കിൽ സംസ്ഥാനത്തിന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിലെ പുരോഗതി വിശദമാക്കുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) കേന്ദ്ര സർക്കാർ "വൈദ്യുതി ബിൽ-2000" എന്ന പേരിൽ ഒരു ബിൽ അവതരിപ്പിക്കാനുദ്ദേശിക്കുന്നതായി സംസ്ഥാന ഗവൺമെന്റിനേയും ബോർഡിനേയും അറിയിച്ചിട്ടുണ്ട്.

(ബി) ചർച്ച ചെയ്തിരുന്നു.

(സി) സംബന്ധിച്ചിരുന്നു. ഈ ബില്ലിന്റെ വ്യവസ്ഥകളോട് സംസ്ഥാന ഗവൺമെന്റിന് യോജിപ്പില്ല എന്ന വസ്തുത അദ്ദേഹം ഈ സമ്മേളനത്തിലറിയിച്ചിട്ടുണ്ട്. വൈദ്യുതി ബോർഡിനെ അൺബണ്ടിൽ ചെയ്യാതെ പൊതുമേഖലയിൽ തന്നെ നിലനിർത്തണമെന്നതാണ് കേരള സർക്കാരിന്റെ അഭിപ്രായമെന്ന് സമ്മേളനത്തിൽ വ്യക്തമാക്കുകയുണ്ടായി.

(ഡി&ഇ) സ്വാകാര്യ മേഖലയെ വൈദ്യുതി മേഖലയുടെ ഉത്തരവാദിത്വം ഏൽപ്പിക്കുന്നതിനുള്ള കാരണങ്ങളായി ഇക്കാര്യങ്ങൾ കേന്ദ്ര സർക്കാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പൊതുമേഖലയിൽ ഇലക്ട്രിസിറ്റി ബോർഡിനെ നില നിർത്തിക്കൊണ്ടു തന്നെ ഊർജ്ജ ആഡിറ്റിംഗ് നടപ്പാക്കലും, വൈദ്യുതി മോഷണം തടയലും കാര്യക്ഷമമായി ചെയ്യാമെന്നാണ് കേരളത്തിലെ അനുഭവം.

(എഫ്) ഉണ്ട്.

(ജി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉല്പാദനം, പ്രസരണം, വിതരണം എന്നീ മേഖലകളിൽ ഗണ്യമായ പുരോഗതി കൈവരിക്കുവാൻ കേരള സംസ്ഥാന വൈദ്യുതി ബോർഡിന് കഴിഞ്ഞിട്ടുണ്ട്. പദ്ധതി സമയ ബന്ധിതമായി നടപ്പാക്കാൻ സാധിക്കുമെന്നും, കെ.എസ്.ഇ.ബി. തെളിയിച്ചിട്ടുണ്ട്. ഈ പുരോഗതിയത്രയും പൊതുമേഖലയിൽ നിന്നു കൊണ്ടു തന്നെ സാദ്ധ്യമായിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly